● ആത്മകഥ

# പരീക്ഷണാത്മക സിനിമയും ഞാനും


ഋത്വിക് ഘട്ടക്ക്

മൊഴിമാറ്റം : മാങ്ങാട് രത്നാകരൻ


ഇന്ത്യയിൽ പരീക്ഷണാത്മകചിത്രങ്ങൾ അധികമില്ല. ഉള്ളതിൽത്തന്നെ ഏറെയും ബംഗാളി ചിത്രങ്ങളാണ്. മറ്റു പ്രദേശങ്ങളിലും അത്തരം ചില ഒറ്റപ്പെട്ട ശ്രമങ്ങൾ നടക്കുന്നുണ്ട്. ഒരു കലാകാരന്റെ ലോകവീക്ഷണത്തെക്കുറിച്ച് (എം.എഫ്) ഹുസൈൻ സംവിധാനം ചെയ്ത ചിത്രം ഒരു ഉദാഹരണം. പക്ഷേ ഇതെല്ലാം 'ഡോക്യുമെന്ററി' എന്നു പൊതുവായി വിളിക്കുന്ന വിഭാഗത്തിൽ പെടുന്നവയാണ്.

ബംഗാളിൽ മാത്രമാണ് കഥാചിത്രങ്ങളിൽ 'പരീക്ഷണാത്മകം' എന്നു പേരിട്ടു വിളിക്കാവുന്ന രചനകൾ കണ്ടിട്ടുള്ളത്. മറ്റുള്ളവരുടെ രചനകളെ വിലയിരുത്താൻ എനിക്കു പരിമിതികളുണ്ട്, അതിനാൽ ഞാനവയെക്കുറിച്ച് പറയുന്നില്ല. എന്റെ ചെറിയ അനുഭവങ്ങളെക്കുറിച്ചു മാത്രമേ എനിക്കു പറയാനാവൂ.

എന്റെ ആദ്യ ചിത്രമായ '*അജാന്ത്രകി*'നെ പരീക്ഷണാത്മക ചിത്രം എന്നാണ് പൊതുവെ വിളിക്കാറുള്ളത്. ഇതിൽ എത്രമാത്രം കാര്യമുണ്ടെന്ന് എനിക്കറിയില്ല. ആർക്കുവേണ്ടിയാണ് ഈ ചിത്രം നിർമ്മിച്ചതെന്ന് പലഭാഗത്തുനിന്നും ചോദ്യങ്ങൾ ഉയർന്നിട്ടുണ്ട്. മറ്റാർക്കും വേണ്ടിയല്ല, എനിക്കുവേണ്ടി മാത്രമാണ് ഞാനീചിത്രം നിർമ്മിച്ചത്.

കലയോട് ആത്മരതി കലർന്ന സമീപനമാണ് എനിക്കുള്ളത് എന്നല്ല ഇതിനർത്ഥം. സിനിമ ഒരു കലയാണ്. സമൂഹത്തോട് അതിനു ബന്ധമുണ്ട്. മനുഷ്യന്റെ അവസ്ഥയിൽ തിന്മയ്ക്കെതിരെ നന്മയെ ഉയർത്തിപ്പിടിക്കണം. റോജർ വാഡിൻ പറഞ്ഞില്ലേ, നെപ്പോളിയനോട് തനിക്കുള്ള താല്പര്യം അദ്ദേഹത്തിന് ചരിത്രത്തിലുള്ള പങ്കല്ല, ആ മഹാപുരുഷൻ സ്ത്രീജിതനായതുകൊണ്ടാണ് എന്ന്. ഞാൻ അങ്ങനെയൊന്നും പറയുകയല്ല. അലൻ റെനെയെക്കുറിച്ചും അലൻ റോബ്ഗ്രിയേയെക്കുറിച്ചും എനിക്കുള്ള അഭിപ്രായവും അതുപോലെത്തന്നെ. പാശ്ചാത്യസംസ്കാരത്തിന്റെ ജീർണ്ണതയെയാണ് അവർ പ്രതിനിധാനം ചെയ്യുന്നത്. '*ഹിരോഷിമ മോൺ അമറും*' '*ലാസ്റ്റ് ഇയർ അറ്റ് മാരിയൻസാറ്റും*' ഞാൻ കണ്ടു. ഈ ചിത്രങ്ങൾ പൊള്ളയാണ്, തക്കിടികളാണ്. പരീക്ഷണാത്മകം എന്നതുകൊണ്ട് ശരിക്ക് അർത്ഥമാക്കുന്നതെന്തോ, അതൊന്നും ഈ ചിത്രങ്ങൾക്ക് തീരെ ചേരില്ല. അപ്പോൾ പിന്നെ എന്താണ് പരീക്ഷണാത്മകത ? അവിടെയാണ് യഥാർത്ഥ ചോദ്യം കിടക്കുന്നത്. നമുക്കെല്ലാമറിയാവുന്നതുപോലെ ഈ പ്രപഞ്ചത്തിൽ എല്ലാം ആപേക്ഷികമാണ്.

**ചിത്രങ്ങളിലെ പരീക്ഷണാത്മകത എന്തുമായി ബന്ധപ്പെടുത്തി ?**

മനുഷ്യനും സമൂഹവുമായി ബന്ധപ്പെടുത്തി പരീക്ഷണാത്മകതയ്ക്ക് ശൂന്യതയിൽ നിലനിൽക്കാനാവില്ല. ഉണ്മയുമായി അതിനു ബന്ധം വേണം. മനുഷ്യനുമായി ബന്ധം വേണം. ഫെല്ലിനിയെ



പ്പോലുള്ള പാശ്ചാത്യസംവിധായകരുടെ ചിത്രങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ *ലോ ഡോൾസാ വിറ്റ* കാൻ ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചപ്പോൾ ഗെരാസിമോവ് ഒരു മുരടൻ നിരൂപണമെഴുതി അതിനെ വിമർശിച്ചിട്ടുണ്ടെന്ന് ഞാൻ മറക്കുന്നില്ല. പക്ഷേ ഫെല്ലിനി തനിക്കു ചുറ്റുമുള്ള ജീവിതത്തെ അങ്ങേയറ്റം ആത്മാർത്ഥയോടെയും ധീരതയോടെയും ചിത്രീകരിക്കുകയായിരുന്നു. അത് പാശ്ചാത്യ നാഗരികതയ്ക്കുള്ള മരണ സർട്ടിഫിക്കറ്റാണ്. എന്റെ ചിത്രങ്ങളിൽ എന്റെ രാജ്യത്തെ ജനങ്ങളുടെ വേദനയും ദുരിതങ്ങളും എന്റെ കഴിവ് മുഴുവൻ ഉപയോഗിച്ച് പകർത്താനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. അതിന്റെ ഫലങ്ങൾ എന്തായാലും എന്റെ ആത്മാർത്ഥതയ്ക്ക് ഒരു കുറവും ഉണ്ടായിട്ടില്ല. പക്ഷേ ആത്മാർത്ഥതകൊണ്ട് എല്ലാമായില്ല. എന്റെ കഴിവുകൾക്ക് പരിമിതിയുണ്ട്. ആ പരിമിതികൾക്കകത്തുനിന്നാണ് ഞാൻ പ്രവർത്തിക്കുന്നത്.

*കോമൾ ഗാന്ധാറിൽ* നമ്മുടെ സിനിമയുടെ പതിവ് ചട്ടക്കൂട് ഭേദിക്കാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളതെന്ന് വിനയപൂർവ്വം പറയട്ടെ. അതിന്റെ ഘടനയേയും സമീപനത്തേയും വേണമെങ്കിൽ 'പരീക്ഷണാത്മകം' എന്നു വിളിക്കാം.

*സുവർണ്ണരേഖ* – ഈ ചിത്രം നാടകീയവും വൈകാരികത നിറഞ്ഞതുമാണെന്ന് പലരും പറഞ്ഞിട്ടുണ്ട്. അതു ശരിയാണുതാനും. പക്ഷേ വിമർശകർ ഒരു കാര്യം ഓർക്കണം. ബെർതോൾട് ബ്രെഹ്ത് എന്ന ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹം അന്യവൽക്കരണം എന്ന സങ്കേതം ഫലപ്രദമായി ഉപയോഗിച്ച ആളാണ്.

അദ്ദേഹത്തിന്റെ എപിക് സമീപനം എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. എന്റേതായ രീതിയിൽ ആ മാതൃക സ്വീകരിച്ച് ചില ആവിഷ്കാരങ്ങൾ ഞാൻ നിർവ്വഹിച്ചിട്ടുണ്ട്. ഇതാണ് പരീക്ഷണം എന്ന് ഞാൻ ഉദ്ദേശിക്കുന്ന സംഗതി. ഏതായാലും ഈ ചെറുലേഖനം ടാഗോറിനെ ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചേക്കാം.

കല പ്രാഥമികവും സത്യാത്മകമാവണമെന്നും എന്നാൽ മാത്രമേ അത് സൗന്ദര്യാത്മകമാവൂ എന്നും ടാഗോർ എവിടെയോ പറഞ്ഞിട്ടുണ്ട്. സത്യം ഒരു രചനയെ കലാസൃഷ്ടിയാക്കുന്നില്ല എന്നത് സത്യം തന്നെ. പക്ഷേ സത്യമില്ലാതെ ഒരു കലാസൃഷ്ടി ആ പേരിനർഹമല്ല.

ഇത് നാമെപ്പോഴും ഓർമ്മിക്കുന്നത് നന്ന്.